PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1950

Monday, *the 30th October 1950*

Vol. II] OFFICIAL REPORT [No. 9

The Assembly met in the Legislative Chamber, Trivandrum, at Eleven of the clock on Monday, the 30th October 1950, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the number in the list of admitted questions for the day.)

Oral Answers

കയർവ്യവസായ സൊസൈറ്റികൾ

*൪൩൨. (൨) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കയർ വ്യവസായം സംബന്ധിച്ചു് എത്ര കോവാപ്പറേറീവു് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(ബി) എത്ര സൊസൈറ്റികൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ടു്;

(സി) ഈ സൊസൈറ്റികൾക്കു് അഴുകിയ തൊണ്ടോ ചകിരിയോ ലഭിക്കുന്നതിനു എന്തെങ്കിലും വ്യവസ്ഥ ഗവൺമെണ്ടു് ചെയ്തിട്ടുണ്ടോ;

(ഡി) സൊസൈറ്റികൾ ഉണ്ടാക്കുന്ന കയറിനു് നല്ലവില കിട്ടത്തക്കവണ്ണം എന്തെങ്കിലും വ്യവസ്ഥ ഗവൺമെണ്ടു് ചെയ്തിട്ടുണ്ടോ;

(ഇ) ഏതെങ്കിലും സൊസൈറ്റിയിലെ ജോലിക്കാരുടെ കൂലിനിരക്കു് വർദ്ധിച്ചിട്ടുണ്ടോ;

(എഫ്) ഏതെങ്കിലും സൊസൈറ്റിക്കു് ഗവൺമെണ്ടു് ഇതുവരെ ധനസഹായം ചെയ്തിട്ടുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ൨൨.

(ബി) ൧൩.

(സി) ഇല്ല.

(ഡി) ഇല്ല. എന്നാൽ ആലപ്പുഴയിലും മട്ടാഞ്ചേരിയിലും ഓരോ സെൻട്രൽ സൊസൈറ്റീസ് തുറക്കുന്നതിനു് ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ടു്.

(ഇ) ഇല്ല. എന്നാൽ ഏതാനും ആഫീസുകൾക്കും ഇതിലേക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണു്.

(എഫ്) ഇല്ല. എങ്കിലും ധനസഹായം ആവശ്യപ്പെട്ടിട്ടുള്ള സൊസൈറ്റികൾക്കു് ൨,൫൦൦ രൂപാ ഗ്രാന്റു് കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ടു്.

ശ്രീ. പി. നാണു: ഈ സൊസൈറ്റികളിൽ എന്തെല്ലാം ഉദ്യോഗങ്ങൾ ഉണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ: ഒരു ടേഡ് സിക്രട്ടറിയും ഒരു പ്യൂണും കാണും.

ശ്രീ. പി. നാണു: അവരെ നിയമിക്കുന്നതിനുള്ള അധികാരം ആക്ടാണെന്നു പറയാൻ ദയവുണ്ടാകുമോ; അവരെ നിയമിക്കേണ്ടതു ഗവൺമെണ്ടിൽനിന്നുമാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അവരെ നിയമിക്കേണ്ടതു് സൊസൈറ്റികൾ തന്നെയാണു്.

ശ്രീ. പി. നാണു: അതിലേക്കു് ഗവൺമെണ്ടു് ഇന്നവരെ നിയമിക്കണമെന്നു വല്ല നാമനിർദ്ദേശവും കൊടുക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങിനെ നാമനിർദ്ദേശം കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിച്ചിട്ടില്ല.

ശ്രീ. പി. നാണു: വെയർഹൗസു് ആക്ടു് കഴിയുന്നതും ശ്രേഗത്തിൽ നടപ്പാക്കുന്നതാണെന്നു് മന്ത്രി അവർകൾ പ്രസ്താവിച്ചിട്ടുള്ളതായി ഓർക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതുസംബന്ധിച്ചു ചില പ്രശ്നങ്ങൾ ഇൻഡ്യാ ഗവൺമെണ്ടുമായി ആലോചിച്ചു നടപ്പിൽ വരുത്തേണ്ടിയിരിക്കുന്നതിനാൽ സ്വല്പകാലതാമസം നേരിട്ടുന്നതാണു്. അതായതു് ആ ആക്ടു് നടപ്പിലാക്കിക്കഴിഞ്ഞാൽ ഈ സ്റ്റാൻഡാർഡ് ഗ്രേഡിംഗ് മുതലായവ ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും നിശ്ചയിക്കേണ്ട ചില പ്രശ്നങ്ങളാണു്. അവരാണു് അതിനുവേണ്ട നടപടികൾ എടുത്തു പാസ്സാക്കേണ്ടതു്.

ശ്രീ. പി. നാണു: ഈ വെയർഹൗസ് ആക്ടു് അമെൻഡുമെൻഡ് ചെയ്തു നടപ്പിലാക്കുന്നതാണെന്നു ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചിരുന്നോ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. എൻ കുഞ്ഞുരാമൻ: പ്രസ്താവിച്ചിരുന്നു. എന്നാൽ അതു് ഈ കാൺസ്റ്റിറ്റ്യൂഷൻ നടപ്പിൽ വരുന്നതിനു് മുമ്പാണു് പ്രസ്താവിച്ചിട്ടുള്ളതു്. എന്നാൽ കാൺസ്റ്റിറ്റ്യൂഷൻ നടപ്പിൽ വന്നപ്പോൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ അല്പ വ്യത്യാസങ്ങൾ വരുത്തേണ്ടതായി വന്നിട്ടുണ്ടു്.

ശ്രീ. പി. നാണു : ഇത്രയും കാലത്തിനിടക്കു് അതുസംബന്ധമായി വല്ല നടപടികളും കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതാണു് ഞാൻ മുമ്പു പറഞ്ഞതു്. അതുസംബന്ധിച്ചൊന്നും ഇപ്പോൾ ചെയ്യാൻ നിവർത്തിയില്ലാ എന്നു്.

ശ്രീ. പി. നാണു: ഈ മിനിമം വേജസ് ആക്ടു് നടപ്പിലാക്കേണ്ടതു് ഈ ഗവൺമെണ്ടിൽനിന്നാണോ അതോ ഇൻഡ്യാ ഗവൺമെണ്ടാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ ഗവൺമെണ്ടാണു്.

ശ്രീ. പി നാണു: അതുസംബന്ധിച്ചുള്ള കാലാവധി കഴിഞ്ഞിട്ടും അതു നടപ്പിലാക്കാത്തതെന്തുകൊണ്ടാണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിന്റെ കാലാവധി കഴിഞ്ഞിട്ടില്ല.

ശ്രീ. പി. നാണു: അതിനുള്ള കാലാവധി എത്ര കാലമാണു്.

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനുള്ള കാലാവധി മൂന്നുകൊല്ലമാണു്.

ശ്രീ. പി. നാണു: ഇത്രയും കാലമായി എന്തുകൊണ്ടു നടപടി നടത്തി ഈ ആക്ടു് നടപ്പിൽ വരുത്താൻ സാധിച്ചില്ലാ എന്നു പറയാമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ: നടപടികൾ നടത്തിവരികയാണു്. താമസത്തിനുള്ള കാരണങ്ങൾ ഞാൻ വിശദമാക്കിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: ഈ കയർവ്യവസായത്തെ സംബന്ധിച്ചിടത്തോളം മിനിമം വേജസ് ആക്ട് ബാധകമാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ബാധകമാകും.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഈ സൊസൈറ്റികൾ ആരെയെല്ലാം കൂടി ചേർത്താണ് ഉണ്ടാക്കുന്നത്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതിനുള്ള ഉത്തരം മുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണ്. തൊണ്ടു മുതലാളിമാർക്ക് അംഗങ്ങളാകാം. തൊണ്ടുവാങ്ങി കയർ പിരിപ്പിക്കുന്ന ചെറിയ മുതലാളിമാർക്കും അംഗങ്ങളാകാം. അതുപോലെതന്നെ ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും അംഗങ്ങളാകാം.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: മുതലാളിമാർ അംഗങ്ങളാകണമെന്നു നിർബന്ധമുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങിനെ നിർബന്ധമില്ല.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള: ഈ തൊണ്ടു മുതലാളിമാർ കമ്പൽസറിയായി ഇതിൽ അംഗങ്ങളാകണമെന്ന വ്യവസ്ഥയുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അവർ അംഗങ്ങളായി ചേരുന്നില്ലെങ്കിൽ അവരെ കമ്പൽസറിയായി ചേർക്കാമെന്ന് ഒരു പ്രൊവിഷനും ഇല്ല.

ശ്രീ. എം. ഐ. പോൾ: ഗവണ്മെണ്ടിൽനിന്നും പെയ്ഡ് സെക്രട്ടറിയെ നിയമിച്ചിട്ടില്ല എന്നു പറഞ്ഞു. എന്നാൽ കൊച്ചി സംസ്ഥാനത്തു് നെ 0—ാം നമ്പർ കയർ സഹകരണസംഘത്തിൽ അങ്ങിനെ നിയമിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇവിടെ പറഞ്ഞതു് ഈ പുതിയ സൊസൈറ്റികളെ സംബന്ധിച്ചു കാര്യങ്ങളാണ്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ചതു പഴയ സൊസൈറ്റിയുടെ കാര്യത്തെപ്പറ്റിയാണ്.

ശ്രീ. എം. ഐ പോൾ: കയർവ്യവസായത്തെ സംബന്ധിച്ചു് ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ള ആളുകളെ വേണ്ട ഇങ്ങനെ സെക്രട്ടറിമാരായി നിയമിക്കാൻ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങിനെ ആയിരിക്കണം.

ശ്രീ. ആർ. ശങ്കർ: തൊണ്ടഴക്കുന്ന വ്യവസായം മുഴവനും ഈ കോപ്പറേറ്റീവു് സൊസൈറ്റിക്കു് കുത്തകയാക്കണമെന്ന വിചാരിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല. എന്നാൽ അഞ്ചുലക്ഷത്തോളം വരുന്ന കയർ തൊഴിലാളികൾക്കു ന്യായമായ കൂലി കിട്ടണമെന്നേ ഗവണ്മെണ്ടു് ഈ പ്രതികൊണ്ടുദ്ദേശിക്കുന്നുള്ളൂ.

ശ്രീ. ആർ. ശങ്കർ: അങ്ങനെ ഇല്ലാതിരിക്കുന്നിടത്തോളംകാലം മുതലാളിമാർക്കു് കമ്പിറ്റു ചെയ്യാൻ അവസരം ഉണ്ടാക്കിക്കൊടുക്കുകയല്ലേ ചെയ്യുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങനെ കാമ്പറ്റീഷൻ ഉണ്ടാകാതിരിക്കത്തക്കവണ്ണം ആവശ്യമായ കാര്യങ്ങൾ ചെയ്യുവരികയാണു്.

ശ്രീ. ആർ. ശങ്കർ: ഈ തൊണ്ടഴക്കുന്ന വ്യവസായത്തിൽ അത്രയളവെ തൊഴിലാളികൾ ഉണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: എത്രയുണ്ടെന്നു കൃത്യമായി പറയാൻ ഇപ്പോൾ നിവൃത്തിയില്ല. എന്നാൽ സംഘടനകൾക്കാണു് തൊണ്ടഴക്കുന്നതിനുള്ള സൗകര്യം. അതിനവർക്കു് അവകാശവും അധികാരവും ഉണ്ടായിരിക്കും. അതിൽ മുതലാളിമാരും ധാരാളമായി ഉണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാച്ചുപിള്ള: ഇങ്ങനെ സൊസൈറ്റികൾ മുഖേന ഈ വ്യവസായം നടത്തുന്നതിനു് ഗവണ്മെണ്ടാലോചിക്കുന്നതുകൊണ്ടു് ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന എത്രാനും മുതലാളിമാക്കു് വലുതായ നഷ്ടം ഉണ്ടാകുമെന്ന വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങിനെ നിവേദനങ്ങൾ ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. എ. പി. ഉദയഭാനു: ഗവണ്മെണ്ടിൽനിന്നും തൊണ്ടു വില നിയന്ത്രിക്കുന്നതിനു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ടു്. തൊണ്ടും ഒരു എസൻഷ്യൽ സാധനമാക്കി വേണ്ടിവന്നാൽ അതു് കമാൻറീയർ ചെയ്യുന്നതാണു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: അങ്ങിനെ വരുമ്പോൾ അതു് കോവപ്പ്രേഷൻ അല്ലെന്നു അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് മെമ്പർക്കു് അറിയാൻപാടില്ലാത്തതുകൊണ്ടു് പറയുകയാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ സൊസൈറ്റീസു് രജിസ്റ്റർചെയ്തിട്ടുള്ളതു് എവിടെല്ലാമാണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് ഒരു വലിയ ലിസ്റ്റാണു്. അതിനു് നോട്ടീസു് വേണം. കയർ ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങളെ അടിസ്ഥാനമാക്കിയാണു് സൊസൈറ്റികൾ രജിസ്റ്റർചെയ്തുകൊടുത്തിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ തൊണ്ടഴക്കുന്നതിനു് പ്രത്യേക സ്ഥലങ്ങൾ വല്ലതും നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: സാധാരണയായി തൊണ്ടു് മൂടുന്നതു് കായലിനോടു് തൊട്ടടുത്തുള്ള സ്ഥലങ്ങളിലായിരിക്കും അഴുക്കുന്നതു്.

ശ്രീ. ആർ. ശങ്കർ: മുതലാളിമാർ മാത്രം ഉൾപ്പെട്ട ഒരു സംഘം ഉണ്ടാക്കുന്നതിനിപ്പോൾ തടസ്സമില്ലാത്ത നിലയിൽ അല്ലേ ഇപ്പോഴത്തെ സൊസൈറ്റികൾ ഉണ്ടാക്കിയിരിക്കുന്നതു്.

ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങനെ ഉണ്ടാക്കാനുള്ള സാദ്ധ്യതകൾ ഉണ്ടു്. എന്നാൽ അതിൽ ഒരുകെ ൪ ൦ ൦ രൂപയിൽ കൂടുതൽ ഷെയർ ക്യാപ്പിറ്റൽ എടുക്കാൻ പാടില്ല എന്നു് വ്യവസ്ഥയുണ്ടു്. അങ്ങനെയുള്ള സൊസൈറ്റികൾ ഉണ്ടാക്കുന്നതുകൊണ്ടു് മുതലാളിമാരിൽനിന്നു പ്രത്യേകമായി ദോഷമൊന്നും വരാനില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മലംപ്രദേശങ്ങളിൽ തൊണ്ടഴക്കുന്നതിനു് പ്രത്യേകമായി വല്ല സാങ്കേതികളും നിർദ്ദേശിച്ചിട്ടുണ്ടോ?

(No answer)

ശ്രീ. എം. ഐ. പോൾ: ഒരുകെ ൨൨ സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു പറഞ്ഞു. അതിൽ എത്രയെണ്ണം കൊച്ചി പ്രദേശത്തേക്കു് അനുവദിച്ചിട്ടുണ്ടു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: നാലെണ്ണം കൊച്ചീഡിവിഷനിലേക്കു് ഉണ്ടെന്നാണു് എന്റെ ഓർമ്മ.

RAILWAY LINE TO ERNAKULAM

*432. [2] Sri. N. D. Jose: Will the Hon'ble Minister for Public Works, Communications and Agriculture be pleased to state:—

LIBRARY ARCHIVES Kerala Legislative Assembly